## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4302      24.06.2019 -ൽ മറുപടിക്ക്

## നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ

**ചോദ്യം**
ശ്രീ.പി.വി.അൻവർ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നടത്തിയിട്ടുള്ള നിയമനങ്ങൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നാളിതുവരെ (31.05.19) 416 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | താൽക്കാലിക ഒഴിവുകൾ ഉണ്ടായിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്ക് ആയത് റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) & (സി) | 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും വകുപ്പ് മേധാവികളെ അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ അറിയിക്കാത്ത ഉദ്യോഗദായകർക്കെതിരെ മേൽ പരാമർശിച്ച ചട്ടങ്ങൾക്കും സർക്കുലറുകൾക്കും അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ